## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2822 — 18.6.2018-ൽ മറുപടി നൽകേണ്ടത്

**വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ പ്രൊമോഷൻ**

| ചോദ്യം<br>ശ്രീ. എൽദോ എബ്രഹാം | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വകുപ്പിൽ എട്ട് വർഷം പൂർത്തിയാക്കിയ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ പ്രൊമോഷൻ സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിൽ അനുശാസിക്കുന്ന വിദ്യാഭ്യാസ യോഗ്യതയുള്ള വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് നിശ്ചിത അനുപാതത്തിൽ വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകിവരുന്നു. 8 വർഷം പൂർത്തിയാക്കുന്ന വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് 30700-65400 രൂപ ശമ്പളസ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നുണ്ട്. അതാത് ശമ്പള പരിഷ്കരണ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായാണ് പ്രസ്തുത സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത്. |
| (ബി) | എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ